## പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1531

15.02.2016 ലെ മറുപടിക്ക്

## ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | 2014-15 ലെ ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരുന്ന 55 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | 2014-15 ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കി വെച്ചിരുന്ന 55 കോടി രൂപയിൽ 40 കോടി രൂപ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിലും 15 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി പ്രോഗ്രാമിന്റെ സംസ്ഥാന വിഹിതമെന്ന നിലയിലുമാണ് ചെലവഴിക്കാൻ അനുമതി നൽകിയിട്ടുള്ളത്. ടി പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | പദ്ധതികൾ | ബഡ്ജറ്റിൽ വകയിരുത്തിയ തുക ( ലക്ഷം) | അനുവദിച്ച തുക ( ലക്ഷം) | വിനിയോഗിച്ച തുക ( ലക്ഷം) |
|---|---|---|---|---|
| 1 | ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്പ് | 50 | 49.98 | 49.98 |
| 2 | നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി | 1500 | 1000 | 999.96 |
| 3 | ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാമും ദ്വിദിന വ്യക്തിത്വ വികസന പരിശീലന പരിപാടിയും | 50 | 50 | 50 |
| 4 | ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം | 80 | 80 | 80 |
| 5 | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി | 780 | 300 | 300 |
| 6 | ന്യൂനപക്ഷ മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുള്ള ഫെല്ലോഷിപ്പ് പദ്ധതി | 40 | 40 | 24.06 |
| 7 | കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിലുള്ള ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) | 9000 | 43.95 | 43.95 |
| 8 | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനു വേണ്ടിയുള്ള ഷെയർ ക്യാപിറ്റൽ | 1500 | 1000 | 1000 |
| | **ആകെ തുക** | **13000** | **2563.93** | **2547.95** |

**സെക്ഷൻ ഓഫീസർ**

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് വരികയുമാണ്. കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ ഉൾപ്പെടെയുള്ള സർക്കാർ സ്കൂളുകളിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 9-ാം ക്ലാസിൽ പഠിക്കുന്ന ബി.പി.എൽ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന വിഹിതമായി 2,57,781/-രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ